# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020ഓഗസ്റ്റ് 16

# വാർത്താക്കുറിപ്പ്

## എം.ജി. സർവകലാശാലയിൽ സ്വാതന്ത്ര്യദിനാഘോഷം

## ഭരണഘടന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് രാജ്യത്തെ ശക്തിപ്പെടുത്തണം: വൈസ് ചാൻസലർ

ഭരണഘടന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് രാജ്യത്തെ ശക്തിപ്പെടുത്താൻ കൂട്ടായശ്രമം വേണമെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. രാജ്യത്തിന്റെ എഴുപത്തിനാലാമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സർവകലാശാലയിൽ ദേശീയപതാകയുയർത്തിയശേഷം സ്വാതന്ത്ര്യദിന സന്ദേശം നൽകുകയായിരുന്ന അദ്ദേഹം.

മഹാത്മാഗാന്ധിയെയും അദ്ദേഹത്തിന്റെ ആശയങ്ങളെയും ലോകം പിന്തുടരുന്നുണ്ട്. വൈവിധ്യം, ബഹുസ്വരത, സാമൂഹിക നീതി, സുസ്ഥിര-സമഗ്ര വികസനം, എന്നിവയെ മുറുകെപ്പിടിച്ച് മുന്നോട്ടുപോകണം. ജനസംഖ്യയിൽ യുവജനങ്ങളുടെ എണ്ണം കൂടുതലുള്ള രാജ്യമെന്ന നിലയിൽ ഇന്ത്യയ്ക്ക് കരുത്തുറ്റ വളർച്ച നേടാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചായിരുന്നു ഇത്തവണ സ്വാതന്ത്ര്യദിനാഘോഷം.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ബി. കേരളവർമ്മ, ഡോ. വർഗീസ് കെ. ചെറിയാൻ, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ, പരീക്ഷ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി എസ്. മുഹമ്മദ് അബ്ബാസ്, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, ജോയിന്റ് രജിസ്ട്രാർമാരായ കെ. കോമളവല്ലി, ജി. വിജയകുമാർ, ജീവനക്കാരുടെ സംഘടന നേതാക്കൾ, ജീവനക്കാർ എന്നിവർ പങ്കെടുത്തു.

## ചിത്രം കാപ്ഷൻ

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയപതാകയുയർത്തുന്നു.

(പി.ആർ.ഒ/39/811/2020)

## എം.ജിയിൽ ബിരുദ പ്രവേശനം; ഏകജാലക രജിസ്ട്രേഷൻ ഓഗസ്റ്റ് 24 വരെ നീട്ടി

**- ഓഗസ്റ്റ് 18 വരെ തെറ്റ് തിരുത്താം, സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യാം, ഓപ്ഷനുകൾ പുനക്രമീകരിക്കാം**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദ പ്രവേശനത്തിന് ഏകജാലകത്തിലൂടെ(ക്യാപ്) ഓഗസ്റ്റ് 24 ന് വൈകിട്ട് നാലുവരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്ട്രേഷൻ. വിശദമായ ഷെഡ്യൂൾ ഉടൻ പ്രസിദ്ധീകരിക്കും.

ഓൺലൈൻ അപേക്ഷയിലെ തെറ്റ് തിരുത്താനും നിശ്ചിത സാക്ഷ്യപത്രങ്ങൾ അപ്‌ലോഡ് ചെയ്യാനും ഓപ്ഷനുകൾ പുനക്രമീകരിക്കാനും ഓഗസ്റ്റ് 18ന് വൈകിട്ട് അഞ്ചുവരെ സൗകര്യമുണ്ട്.

അപേക്ഷയ്ക്കൊപ്പം നൽകേണ്ട സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ നിശ്ചിത തീയതിക്കകം അപ്‌ലോഡ് ചെയ്യണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി സംവരണം ചെയ്ത സീറ്റിലേക്ക് അപേക്ഷിക്കുന്നവർ വില്ലേജ് ഓഫീസറിൽനിന്നുള്ള ഇൻകം ആൻഡ് അസറ്റ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. പകരം വരുമാന സർട്ടിഫിക്കറ്റ്/സാക്ഷ്യപത്രം എന്നിവ അപ്‌ലോഡ് ചെയ്താൽ പ്രവേശനം നിരസിക്കപ്പെടും. എസ്.ഇ.ബി.സി., ഒ.ഇ.സി. വിഭാഗക്കാർ ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ ഒറ്റ ഫയലായി അപ്‌ലോഡ് ചെയ്യുകയോ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുകയോ വേണം. എസ്.സി., എസ്.ടി. വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് മാത്രം അപ്‌ലോഡ് ചെയ്താൽ മതി. എൻ.സി.സി., എൻ.എസ്.എസ്. വിഭാഗത്തിൽ ബോണസ് മാർക്കിന് അർഹരായവർ പ്ലസ്ടു തലത്തിൽ ലഭിച്ച സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപ്‌ലോഡ് ചെയ്യണം. വിമുക്തഭടൻ/ജവാൻ വിഭാഗത്തിലുള്ളവർ ജില്ല

സൈനിക ക്ഷേമ ഓഫീസറിൽനിന്നുള്ള സാക്ഷ്യപത്രം/കമാൻഡിങ് ഓഫീസറുടെ സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യണം. എൻ.സി.സി. ബോണസ് മാർക്കിനായി സ്‌കൗട്സ് ആൻഡ് ഗൈഡ്‌സ് അടക്കം മറ്റ് സാക്ഷ്യപത്രങ്ങൾ അപ്‌ലോഡ് ചെയ്യരുത്. വെബ്‌സൈറ്റിൽ ലഭിക്കുന്ന പ്രോസ്‌പെക്ടസും മറ്റു നിർദേശങ്ങളും വായിച്ചു നോക്കിയശേഷം അപേക്ഷിക്കുക. ക്യാപ് വെബ്‌സൈറ്റിൽ ലഭ്യമായ പ്രോഗ്രാം, കോളജ് വിശദാംശങ്ങളും ലഭ്യമായ സീറ്റുകളും പരിശോധിച്ച് ഓപ്ഷനുകൾ നൽകണം.

സ്‌പോർട്‌സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയിലേക്കുള്ള അപേക്ഷയും ഓഗസ്റ്റ് 24ന് വൈകിട്ട് നാലിനകം ഓൺലൈനായി നൽകണം. സ്‌പോർട്‌സ് ക്വാട്ടയിലേക്ക് അപേക്ഷിക്കുമ്പോൾ നിശ്ചിത സ്‌പോർട്‌സ് ഇവന്റ് ലഭ്യമായ കോളജുകളിലേക്ക് മാത്രമേ ഓപ്ഷൻ നൽകാനാകൂ. കോളജ് അധികൃതർ കോളജ് ലോഗിനിൽ നൽകിയിട്ടുള്ള യു.ജി. പ്രോഗ്രാമുകളുടെ സീറ്റ് മാട്രിക്സ് പരിശോധിച്ച് കൃത്യത ഉറപ്പാക്കണം. സീറ്റുകൾ സംബന്ധിച്ച് വ്യത്യാസം ശ്രദ്ധയിൽപ്പെട്ടാൽ ക്യാപ് സെല്ലിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യണം.

(പി.ആർ.ഒ/39/812/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ